**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318** **17-03-2025 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള ആളുകൾക്ക് പ്രായ വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള എല്ലാ ആളുകൾക്കും സാമ്പത്തിക പരിധി നോക്കാതെയും പ്രായഭേദമന്യേ സാന്ത്വന പരിചരണ സേവനങ്ങൾ ലഭ്യമാക്കണമെന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ദീർഘകാല രോഗങ്ങൾ മൂലം പ്രയാസമനുഭവിക്കുന്ന വ്യക്തികൾ ഉൾക്കൊള്ളുന്ന ഓരോ വീടിനേയും/കുടുംബങ്ങളേയും കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പിന്തുണയോടെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുകയും സാന്ത്വന പരിചരണം ആവശ്യമുള്ളവർക്ക് പ്രസ്തുത സേവനം ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും സാന്ത്വന പരിചരണ പരിപാടി നിലവിലുള്ള ഏക സംസ്ഥാനമാണ് കേരളം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ മൊത്തം ബജറ്റിന്റെ നിശ്ചിതവിഹിതം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കേണ്ടതായിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തിന് കീഴിലും ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതും പാലിയേറ്റീവ് നേഴ്സിനെ ഇതിനായി നിയമിക്കുന്നതും അതാത് ഗ്രാമപഞ്ചായത്തുകളാണ്. പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പിന്തുണയോടു കൂടിയാണ് സാന്ത്വന പരിചരണ പരിപാടി നടപ്പിലാക്കി വരുന്നത്. മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ |

പ്രവർത്തകരും, പാലിയേറ്റീവ് കെയർ നഴ്സും വോളണ്ടിയർമാരും ഉൾപ്പെടുന്നതാണ് പാലിയേറ്റീവ് കെയർ ടീം. ഇവർ ഗൃഹ സന്ദർശനം നടത്തി സാന്ത്വന പരിചരണം ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും പരിചരണം നൽകി വരുന്നു. പ്രതിമാസം 50,000ത്തിൽ പരം രോഗികൾക്ക് ഇപ്രകാരം ഭവന സന്ദർശനത്തിലൂടെയുള്ള സേവനങ്ങൾ ലഭിക്കുന്നതിനുപുറമേ, ഫിസിയോതെറാപ്പി സേവനങ്ങളും സന്ദർശനത്തിലൂടെ നൽകുന്നതിനും കൂടാതെ പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് സംഘടനകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ വിവിധ പദ്ധതികൾക്ക് ആവശ്യമായ വാഹന സൗകര്യം, മരുന്നുകളുടെ സംഭരണം, ഉപകരണങ്ങളുടെ സംഭരണവും വിതരണവും എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ട് അനുവദിക്കുന്നുണ്ട്.

നിലവിൽ സർക്കാർ മേഖലയിൽ 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നതും ഇതിലൂടെ 1,14,439 രോഗികൾക്ക് പരിചരണം നൽകി വരികയുമാണ്. സർക്കാരിതര മേഖലകളിൽ അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവയുടെയെല്ലാം സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 'പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ' അനിവാര്യ പ്രോജക്ടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഇതിനുള്ള പ്രോജക്റ്റ് നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ തലത്തിൽ നടപടികളും സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കായി 20,000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോംകെയർ യൂണിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 16.12.2024- ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമനഗര വ്യത്യാസമില്ലാതെ പരിചരണം ആവശ്യമായ മുഴുവൻ ആളുകൾക്കും APL/BPL വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കുന്നതിനായി ഒരു ജനകീയ

| | | | |
|---|---|---|---|
| | | | മുന്നേറ്റം ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ആരോഗ്യ വകുപ്പിന് കീഴിൽ സി.എച്ച്.സി., താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് നടത്തിവരുന്ന വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പരിശോധനകളും തീരുമാനങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സെക്കൻഡറിതല സാന്ത്വന പരിചരണമാണ് നടപ്പിലാക്കിവരുന്നത്. പാലിയേറ്റീവ് കെയർ രോഗികൾക്ക് കിടത്തി ചികിത്സയും ഗൃഹ സന്ദർശനത്തിലൂടെ നടത്താൻ കഴിയാത്ത കൊളോസ്റ്റമി കെയർ, ട്രാക്കിയോസ്റ്റമി കെയർ, ലിംഫെഡിമ കെയർ തുടങ്ങിയ ചികിത്സകളും വേദനയ്ക്കായുള്ള മോർഫിൻ ചികിത്സയും ഈ കേന്ദ്രങ്ങളിലൂടെയാണ് നൽകി വരുന്നത്. ഇതിനുപുറമേ ഫിസിയോതെറാപ്പി ക്ലിനിക്കുകളും സെക്കൻഡറിതല ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഇതിനായി ഒരു സ്റ്റാഫ് നേഴ്സിനെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിനെയും സാന്ത്വന പരിചരണ പരിപാടിക്ക് മാത്രമായി നിയോഗിച്ചിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും പുതുക്കിയ പാലിയേറ്റീവ് കെയർ നയപ്രകാരമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. പാലിയേറ്റീവ് കെയർ ഗ്രിഡ് യാഥാർത്ഥ്യമാകുന്നതോടെ ഈ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്താകെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്താകെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് ഗ്രിഡ് സംവിധാനത്തിന്റെ സോഫ്റ്റ് വെയർ ലോഞ്ച് 03/03/2025 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയും അനുബന്ധ പരിശീലനങ്ങളും മറ്റ് പ്രവർത്തനങ്ങളും നടന്നു വരികയുമാണ്. Digital University യുടെ സഹായത്തോടെ ആരോഗ്യ വകുപ്പ് തയ്യാറാക്കിയ 'Kerala Care' എന്ന സാന്ത്വന പരിചരണ ഗ്രിഡ് Palliative Care രംഗത്തെ പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കുന്നതിനും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സഹായിക്കും. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ രോഗികളെയും, എല്ലാ സേവന ദാതാക്കളെയും, എല്ലാ സേവന കേന്ദ്രങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയെന്നതാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൗകര്യത്തോടുകൂടി പുറത്തിറങ്ങുന്ന ഈ ഗ്രിഡിൽ എല്ലാ വിവരങ്ങളും ഡാഷ്ബോർഡിലൂടെ തൽസമയം സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, പ്രാദേശിക |

തലത്തിലും വീക്ഷിക്കുന്നതിന് സാധിക്കും. ഇതിലൂടെ പദ്ധതിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവലോകനങ്ങൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. സംസ്ഥാനത്തിന് കീഴിൽ 14 പാലിയേറ്റീവ് കെയർ പരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നതും. ഈ കേന്ദ്രങ്ങളിലൂടെ BCCPN, BCCPM ,ഫൗണ്ടേഷൻ കോഴ്സ് ഹ്രസ്വകാല പരിശീലന കോഴ്സുകൾ എന്നിവ നടപ്പിലാക്കി വരികയുമാണ്. എല്ലാ പരിശീലന മോഡ്യൂളുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത പരിശീലന മോഡ്യൂളും പാലിയേറ്റീവ് കെയർ പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയിട്ടുണ്ട്. അതൊടൊപ്പം തന്നെ 2019 ലെ കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയപ്രകാരം, എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 35-ൽ പരം എൻ ജി ഒ കളും സാമൂഹ്യ അധിഷ്ഠിത സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കി വരുന്നത്. ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നുണ്ട്.

മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സജ്ജമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പാലിയേറ്റീവ് കെയർ നയരേഖ അടിസ്ഥാനമാക്കി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ മെഡിക്കൽ കോളേജുകളിൽ സ്ഥാപിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളെ വരും വർഷങ്ങളിൽ പാലിയേറ്റീവ് മെഡിസിൻ വിഭാഗങ്ങളായി ഉയർത്താൻ ലക്ഷ്യം വയ്ക്കുന്നു. പാലിയേറ്റീവ് മെഡിസിൻ സ്പെഷ്യാലിറ്റി കോഴ്സുകൾ ഈ വിഭാഗങ്ങൾ വഴി ആരംഭിക്കാൻ സാധിക്കുന്നതാണ്. അതിനോടൊപ്പം നിലവിലുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കും മറ്റ് സ്റ്റാഫുകൾക്ക് വേണ്ടിയും പാലിയേറ്റീവ് കെയർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാർത്ഥികൾക്ക് പാലിയേറ്റീവ് കെയറിൽ ആവശ്യമായ പരിശീലനവും നൽകുന്നുണ്ട്. പാലിയേറ്റീവ് കെയർ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും, കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ്ണ

| | | | |
|---|---|---|---|
| | | | പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള എല്ലാവർക്കും വരുമാന പരിധിയില്ലാതെ അവരുടെ വീട്ടുകളിൽ മികച്ച പരിചരണം ലഭിക്കുന്ന തരത്തിൽ സാർവത്രിക പാലിയേറ്റീവ് കെയർ സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ സന്നദ്ധ സംഘടനകളെയും സന്നദ്ധപ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ തലത്തിൽ ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്തുട നീളമുള്ള പാലിയേറ്റീവ് കെയർ സേവനങ്ങളെ ഏകോപിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം സർക്കാർ, സ്വകാര്യ, സന്നദ്ധസേവന മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ബന്ധിപ്പിക്കുകയും സേവനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. പുതിയ രോഗികളെയും പരിശീലനം നേടിയ വോളണ്ടിയർമാരെയും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ആയതിലൂടെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ